ലേഖനം

ജമാല്‍ കടന്നപ്പള്ളി

# അനൈക്യമുണ്ടാക്കുന്നത് സംഘടനകളോ?

**വിശ്വാസികള്‍ക്കിടയില്‍ അനൈക്യമുണ്ടാക്കുന്നത് സംഘടനകളാണെന്ന് ചിലര്‍ വിലയിരുത്താറുണ്ട്. പക്ഷേ, തികച്ചും ഉപരിപ്ലവമായ ഒരു വീക്ഷണമാണത്. സത്യത്തില്‍ സംഘടനകള്‍ അഭിപ്രായ ഭിന്നതകള്‍ കുറക്കുകയാണ് ചെയ്യുന്നത്. സംഘടനകളില്ലെങ്കില്‍ ഓരോ ആള്‍ക്കും ഓരോ അഭിപ്രായം എന്ന അവസ്ഥ വരും.**

**ആദര്‍ശബന്ധവും** സാഹോദര്യവും തൗഹീദ് നമ്മോട് നിരന്തരം ആവശ്യപ്പെടുന്ന ഗുണങ്ങളാണ്. ഐക്യവും സഹകരണവും സാഹോദര്യവും മുറുകെ പിടിക്കാനും ഭിന്നിപ്പും ശത്രുതയും വെറുപ്പും വെടിയാനും അത് നമ്മെ ഉണര്‍ത്തുന്നു. ഖുര്‍ആന്‍ പറഞ്ഞു: "വിശ്വാസികളേ, നിങ്ങള്‍ ഒറ്റക്കെട്ടായി ദൈവിക പാശം മുറുകെ പിടിക്കുവിന്‍. നിങ്ങള്‍ ഭിന്നിച്ചുപോകരുത്" (*ആലുഇംറാന്‍* 103). "അല്ലാഹു വിശ്വാസികളുടെ ഹൃദയം പരസ്പരം കൂട്ടിയിണക്കിയിരിക്കുന്നു. ഭൂമിയിലുള്ള വിഭവങ്ങളൊക്കെയും ചെലവഴിച്ചാലും ഈ ജനത്തിന്റെ ഹൃദയങ്ങളെ കൂട്ടിയിണക്കാന്‍ താങ്കള്‍ക്ക് കഴിയുമായിരുന്നില്ല. അല്ലാഹുവാണ് അവരെ തമ്മിലിണക്കിയത്. നിശ്ചയം അവന്‍ അജയ്യനും അഭിജ്ഞനുമല്ലോ" (*അല്‍ അന്‍ഫാല്‍* 63). നബി(സ) അരുള്‍ ചെയ്യുന്നു: "നിങ്ങള്‍ പരസ്പരം വിദ്വേഷം പുലര്‍ത്തരുത്. പരസ്പരം അസൂയ കാണിക്കരുത്. അന്യോന്യം ശത്രുക്കളാകരുത്. അല്ലാഹുവിന്റെ സഹോദരന്മാരായ ദാസന്മാരാവുക" (ബുഖാരി, മുസ്‌ലിം). "ഊഹം കരുതിയിരിക്കുക. നിശ്ചയം ഊഹം ഏറ്റവും വലിയ കള്ളവര്‍ത്തമാനമാണ്. നിങ്ങള്‍ ചുഴിഞ്ഞന്വേഷിക്കരുത്. ചാരവൃത്തി നടത്തരുത്. അന്യോന്യം വഞ്ചിക്കരുത്. അസൂയവെക്കരുത്. പരസ്പരം വിദ്വേഷവും ശത്രുതയും പുലര്‍ത്തരുത്. അല്ലാഹുവിന്റെ സഹോദരന്മാരായ അടിമകളാവുക" (ബുഖാരി, മുസ്‌ലിം).

മുസ്‌ലിംകള്‍ തമ്മില്‍ മാനസികൈക്യമുണ്ടാകാന്‍ ഒട്ടനവധി മാര്‍ഗങ്ങള്‍ അല്ലാഹുവും റസൂലും നിര്‍ദേശിച്ചിട്ടുണ്ട്. അവയില്‍ പെട്ട സുപ്രധാനമായ ഒന്നാണ് കണ്ടുമുട്ടിയാല്‍ അഭിവാദനം(സലാം) ചൊല്ലല്‍. ഖുര്‍ആന്‍ പറയുന്നു: "മാന്യമായി അഭിവാദനം ചെയ്യപ്പെട്ടാല്‍ അതിലും ഭംഗിയായി നിങ്ങള്‍ പ്രത്യഭിവാദനം ചെയ്യുവിന്‍" (*അന്നിസാഅ്* 86). "ഒരുവന്‍ നിങ്ങള്‍ക്ക് സലാം ചൊല്ലിയാല്‍ ഐഹികനേട്ടം കൊതിച്ചുകൊണ്ട് അവനോട് 'നീ വിശ്വാസിയല്ല' എന്നു പറയുവാന്‍ പാടുള്ളതല്ല" (*അന്നിസാഅ്* 94). "വീടുകളില്‍ പ്രവേശിക്കുമ്പോള്‍

നിങ്ങളുടെ ആളുകൾക്ക് സലാം പറയണം. അല്ലാഹുവിങ്കൽനിന്ന് നിശ്ചയിക്കപ്പെട്ട അനുഗൃഹീതവും പരിശുദ്ധവുമായ അഭിവാദനമാണത്" (*അന്നൂർ* 61). തിരുമേനി(സ) അരുൾ ചെയ്യുന്നു: "ഒരു കാര്യം ഞാൻ നിങ്ങളെ അറിയിക്കട്ടെയോ, അത് ചെയ്താൽ നിങ്ങൾക്ക് പരസ്പരം സ്നേഹമുണ്ടാകും. നിങ്ങൾക്കിടയിൽ സലാം വ്യാപിപ്പിക്കുക" (മുസ്‌ലിം).

വിശ്വാസികൾക്കിടയിൽ അനൈക്യമുണ്ടാക്കുന്നത് സംഘടനകളാണെന്ന് ചിലർ വിലയിരുത്താറുണ്ട്. പക്ഷേ, തികച്ചും ഉപരിപ്ലവമായ ഒരു വീക്ഷണമാണത്. സത്യത്തിൽ സംഘടനകൾ അഭിപ്രായ ഭിന്നതകൾ കുറക്കുകയാണ് ചെയ്യുന്നത്. സംഘടനകളില്ലെങ്കിൽ ഓരോ ആൾക്കും ഓരോ അഭിപ്രായം എന്ന അവസ്ഥ വരും. സംഘടന അത്തരം ചിതറിയ അഭിപ്രായങ്ങളെ ഏകോപിപ്പിക്കുകയാണ് ചെയ്യുന്നത്. (ചില സംഘടനാ പ്രവർത്തകരുടെ സങ്കുചിതത്വവും പക്ഷപാതിത്വവും നിഷേധിക്കുന്നില്ല. അത്തരം ആളുകൾ മിക്കവാറും എല്ലാ സംഘടനകളിലും ഉണ്ടെന്നും അവർ തുലോം ന്യൂനപക്ഷമാണെന്നും മനസ്സിലാക്കുന്നതാണ് ശരി) ദീനിന്റെ സ്പിരിറ്റ് ഉൾക്കൊള്ളുന്ന ഒരു സംഘടനയും ഭിന്നിപ്പ് ആഹ്വാനം ചെയ്യില്ല. മാത്രമല്ല ഇസ്‌ലാമിക നവോത്ഥാനം നടക്കണമെങ്കിൽ വിവിധ മേഖലകളിൽ അല്ലാഹുവിന്റെ നാമം ഉയർത്തിപ്പിടിക്കുന്ന സംഘടനകൾ ഉണ്ടാവണം. എല്ലാവരും ഒരൊറ്റ സംഘടനയിൽ വരണമെന്നു കൊതിക്കുന്നത് തികഞ്ഞ ലാഘവബുദ്ധിയാണ്. ആഗ്രഹിച്ചാൽ നടക്കാത്ത കാര്യമാണത്. എന്നാൽ ഓരോ സംഘടനയും അതാതിന്റെ മേഖലകളിൽ പരസ്പര വൈരുധ്യങ്ങളില്ലാതെ പ്രവർത്തിക്കണം. ഒന്ന് മറ്റൊന്നിന്റെ സഹായിയാകും വിധം പരസ്പര പൂരകമായി നിലകൊള്ളണം. മുസ്‌ലിംകളുടെ പൊതുകാര്യങ്ങളിൽ ഒറ്റക്കെട്ടായി നിൽക്കുകയും വേണം. അഥവാ ഒരു സംഘടനയിൽ പ്രവർത്തിക്കുന്നതോടൊപ്പം തന്നെ മറ്റു സംഘടനകളെയും പ്രവർത്തകരെയും സഹോദര ദൃഷ്ട്യാ വീക്ഷിക്കണം. ഇസ്‌ലാമിന്റെ സത്ത ഉൾക്കൊണ്ടവർക്ക് അങ്ങനെ കാണാനേ സാധിക്കുകയുള്ളൂ. അത്തരക്കാർക്കുള്ളതാണ് അല്ലാഹുവിന്റെ അനുഗ്രഹമെന്ന് ഖുർആൻ വ്യക്തമാക്കിയിട്ടുണ്ട്. "വിശ്വാസികൾ പരസ്പരം സഹോദരന്മാരാണ്. അതിനാൽ നിങ്ങളുടെ സഹോദരന്മാർക്കിടയിലുള്ള ബന്ധങ്ങൾ നന്നാക്കുവിൻ. അല്ലാഹുവിനോട് ഭക്തിയുള്ളവരാവുകയും ചെയ്യുവിൻ. നിങ്ങൾ അനുഗ്രഹിക്കപ്പെടുമെന്നാശിക്കാം'' (*അൽഹുജുറാത്ത്* 10).

ഉമർ(റ) ഒരിക്കൽ പറഞ്ഞു: "നമ്മുടെ അല്ലാഹു ഒന്നാണ്. പ്രവാചകൻ ഒന്നാണ്. അതുകൊണ്ടുതന്നെ അടിസ്ഥാന വിഷയങ്ങളിൽ മുസ്‌ലിംകൾ തമ്മിൽ ഭിന്നതയില്ല." അഥവാ ഭൂരിപക്ഷം ഭിന്നതയും കർമശാസ്ത്ര സംബന്ധിയാണ്. അതാവട്ടെ ഇസ്‌ലാം അനുവദിച്ചതും നബി(സ) തന്നെ 'അനുഗ്രഹം' എന്ന് വിശേഷിപ്പിച്ചതുമാണ്. മഹാന്മാരായ ഒരാളും അത്തരം അഭിപ്രായാന്തരങ്ങളുടെ പേരിൽ പരസ്പരം കലഹിച്ചിരുന്നില്ല. പ്രത്യുത ശാഖാപരമായ വിരുദ്ധ വീക്ഷണങ്ങൾ നിലനിർത്തിക്കൊണ്ടുതന്നെ അവർ ഒന്നിച്ചും ഒറ്റക്കെട്ടായും മുന്നേറി. അതാണ് യഥാർഥ അഹ്‌ലുസ്സുന്നത്തി വൽജമാഅത്തിന്റെയും സലഫുസ്വാലിഹുകളുടെയും ചര്യ. ഇസ്‌ലാം സർവകാലികവും സാർവജനീനവുമാണ്. അതുകൊണ്ടു തന്നെ ഫിഖ്ഹീ നിയമങ്ങളിൽ വൈവിധ്യങ്ങൾ ആവശ്യമാണ്. ഒപ്പം ഗവേഷണമനസും നമുക്കുണ്ടാവണം. അല്ലെങ്കിൽ പ്രവാചകചര്യ(സുന്നത്ത്)യോട് കൂടുതൽ അടുത്ത കാര്യങ്ങൾ നമുക്ക് മനസ്സിലാവാതെ പോകും. എന്നാൽ തർക്കവിതർക്കങ്ങളും ഖണ്ഡന മണ്ഡനങ്ങളും ഫിഖ്ഹിന്റെ പേരിൽ പാടില്ല. ഫിഖ്ഹ് ചുരുങ്ങിപ്പോയാൽ ഇസ്‌ലാം ചുരുണ്ടുപോകും. നബി(സ) പറഞ്ഞു: "കടുംപിടുത്തക്കാർ നശിക്കട്ടെ. മൂന്നുതവണ തിരുമേനി അത് ആവർത്തിച്ചു" (മുസ്‌ലിം) അവിടുന്ന് മറ്റൊരിക്കൽ പറഞ്ഞു: "നിങ്ങൾ എളുപ്പമാക്കുക, പ്രയാസമാക്കരുത്. സന്തോഷിപ്പിക്കുക, വെറുപ്പിക്കരുത്." മഹാനായ സയ്യിദ് റശീദ് രിദയെ ഉദ്ധരിച്ചുകൊണ്ട് നവോത്ഥാന നായകനായ ശഹീദ് ഹസനുൽബന്ന എപ്പോഴും പറയുമായിരുന്നു: "യോജിപ്പുള്ള കാര്യങ്ങളിൽ പരസ്പരം സഹകരിക്കുക. വിയോജിപ്പുള്ള കാര്യങ്ങളിൽ പരസ്പരം വിട്ടുവീഴ്ച ചെയ്യുക."

ഇസ്‌ലാമിക ഐക്യവും സാഹോദര്യവും നമുക്ക് നിർബന്ധബാധ്യത(ഫർദ്)യാണ്. നാം ഓരോരുത്തരും ബോധപൂർവം അത് നിറവേറ്റണം. 'ഇഖ്‌വ' എന്ന ഖുർആനിക പ്രയോഗം ലക്ഷ്യം വെക്കുന്നത് പര്സപരം രൂഢമൂലമായ മാനസിക ബന്ധമാണ്. ശാരീരികമായ അടുപ്പമാണ്. ഒട്ടനവധി ഖുർആനിക സൂക്തങ്ങളും നബിവചനങ്ങളും ഇക്കാര്യത്തിലുണ്ട്. പ്രവാചകൻ(സ) അരുൾ ചെയ്യുന്നു: "ദീനെന്നാൽ ഗുണകാംക്ഷയാകുന്നു" ഞങ്ങൾ ചോദിച്ചു: "ആരോട്?" അവിടുന്നു പറഞ്ഞു: "അല്ലാഹുവോടും അവന്റെ ഗ്രന്ഥത്തോടും അവന്റെ പ്രവാചകനോടും മുസ്‌ലിംകളുടെ നേതാക്കളോടും സാധാരണക്കാരോടും'' (മുസ്‌ലിം) ''സ്വർഗത്തിൽ മാണിക്യം കൊണ്ടുള്ള ചില ഗോപുരങ്ങളുണ്ട്. അതിന്മേൽ ഗോമേദകത്താൽ തീർത്ത അറകളും അവക്ക് വെള്ളി നക്ഷത്രങ്ങളെ പോലെ വെട്ടിത്തിളങ്ങുന്ന വാതിലുകളുമുണ്ട്. അല്ലാഹുവിന്റെ പേരിൽ അന്യോന്യം സ്നേഹിക്കുകയും ഇടക്കിടെ കൂടിയിരിക്കുകയും പരസ്പരം സന്ദർശിക്കുകയും ചെയ്യുന്നവർക്കാണ് അതിൽ പ്രവേശനമുണ്ടാവുക" (ബൈഹഖി) ''അല്ലാഹു പറയും: തന്റെ മഹത്വത്തെ മുൻനിർത്തി പരസ്പരം സ്നേഹിച്ചവർക്ക് പ്രകാശത്താലുള്ള ഉന്നതമണ്ഡപങ്ങളുണ്ടായിരിക്കും. നബിമാരും ശുഹദാക്കളും കൂടി അതുകണ്ട് അസൂയപ്പെടുന്നതാണ്'' (തിർമിദി) "മനുഷ്യൻ തന്റെ സ്നേഹിതനോടൊപ്പമത്രെ" (ബുഖാരി, മുസ്‌ലിം) "ഇഹലോകത്ത് രണ്ടു സ്നേഹിതന്മാരിൽ ഒരാൾ ഭൂമിയുടെ കിഴക്കേയറ്റത്തും മറ്റേയാൾ പടിഞ്ഞാറേയറ്റത്തും ആയിരുന്നാൽ പോലും അന്ത്യദിനത്തിൽ അല്ലാഹു അവരെ ഒരുമിച്ചുകൂട്ടി 'എന്റെ പേരിൽ നീ സ്നേഹിച്ചവൻ ഇതാ' എന്നവനോട് പറയും'' (ബൈഹഖി) "അല്ലാഹു പറഞ്ഞു: എന്നെ മുൻനിർത്തി പരസ്പരം സ്നേഹിക്കുകയും എന്റെ പേരിൽ ഒരുമിച്ചുകൂടുകയും എന്നെ മുൻനിർത്തി പരസ്പരം സന്ദർശിക്കുകയും എന്നെ മുൻനിർത്തി അന്യോന്യം ചെലവഴിക്കുകയും ചെയ്തവർക്ക് എന്റെ സ്നേഹം ഉറച്ചിരിക്കുന്നു" (മുആദുബ്നു ജബൽ നിവേദനം).

ഇസ്‌ലാമിക സാഹോദര്യത്തെപ്പറ്റി പറയുമ്പോൾ പ്രസിദ്ധമായ ഒരു ചരിത്ര സംഭവം ഓർമവരികയാണ്. അനസ്ബ്നു മാലിക്(റ) ഉദ്ധരിക്കുന്നു: ''സ്വർഗക്കാരനായ ഒരാൾ ഇപ്പോൾ ഇങ്ങോട്ടുവരും" - ഇപ്രകാരം നബി(സ) ഒരിക്കൽ ഞങ്ങളോട് പറഞ്ഞു. താമസിയാതെ അൻസാരികളിൽ പെട്ട ഒരാൾ കടന്നുവന്നു. വുദൂവെടുത്താണ് വരവെന്ന് അദ്ദേഹത്തിന്റെ താടി കണ്ടാലറിയാം. ചെരിപ്പൂരി ഇടംകൈയിൽ പിടിച്ചിരുന്നു. അടുത്തദിവസവും നബി(സ) സ്വർഗക്കാരനായ ഒരാളുടെ ആഗമനത്തെക്കുറിച്ചു പറയുകയും ഇതേ മനുഷ്യൻ കടന്നുവ

രികയും ചെയ്തു. മൂന്നാം ദിവസവും ഇതാവർത്തിച്ചു. അന്ന് അബ്ദുല്ലാഹിബ്നു അംറ്(റ) അദ്ദേഹത്തെ സമീപിച്ച്, താൻ പിതാവുമായി പിണക്കത്തിലായതിനാൽ മൂന്നു ദിവസത്തേക്ക് അദ്ദേഹത്തോടൊപ്പം പാർക്കാൻ സൗകര്യം ചെയ്യുമെങ്കിൽ ഉപകാരമായിരിക്കും എന്നു പറഞ്ഞു. ആ മനുഷ്യൻ അബ്ദുല്ലാഹിബ്നു അംറിനോട് പറഞ്ഞു: "അതിനെന്താ." അങ്ങനെ അദ്ദേഹത്തോടൊപ്പം മൂന്നുനാൾ പാർത്ത അബ്ദുല്ലാഹിബ്നു അംറ്(റ) അല്ലാഹുവിനെക്കുറിച്ച സ്തുതി വാക്കുകളേ മൂന്നുനാളും കേൾക്കുകയുണ്ടായുള്ളൂ. രാത്രി മുഴുവൻ അദ്ദേഹം നമസ്കാരത്തിൽ മുഴുകുന്നില്ല. ഉറങ്ങുംമുമ്പ് അല്ലാഹുവിനെ സ്തുതിക്കുന്നു. എല്ലാം സാധാരണപോലെ. മറ്റുള്ളവരിൽനിന്ന് വ്യത്യസ്തനായി സ്വർഗക്കാരനാവാൻ അദ്ദേഹം എന്തെങ്കിലും ചെയ്യുന്നുണ്ടെന്ന് അബ്ദുല്ലാഹിബ്നു അംറിനു തോന്നിയില്ല. അതിനാൽ മൂന്നുനാൾ കഴിഞ്ഞപ്പോൾ അബ്ദുല്ലാഹിബ്നു അംറ് അദ്ദേഹത്തോട് പറഞ്ഞു: പിതാവുമായി ഞാൻ പിണങ്ങിയിട്ടൊന്നുമില്ല. ഞാൻ അങ്ങയോടൊപ്പം താമസിക്കാൻ ആഗ്രഹിച്ചു. അതിനു കാരണമിതാണ്: "തുടർച്ചയായി മൂന്നുദിവസം അല്ലാഹുവിന്റെ റസൂൽ സ്വർഗാവകാശിയായ ഒരു മനുഷ്യൻ ഞങ്ങളുടെ മുന്നിൽ വരുന്നുണ്ടെന്ന് പറഞ്ഞു. ആ മൂന്നു ദിവസവും അങ്ങാണ് ഞങ്ങളുടെ മുമ്പിൽ വന്നത്. അതുകൊണ്ട് സ്വർഗം നേടാൻ വിശേഷമായി അങ്ങെന്താണ് ചെയ്യുന്നതെന്ന് കാണാൻ എനിക്ക് കൗതുകമുണ്ടായി. അങ്ങയെപ്പോലെ ചെയ്യണമെന്ന് ഞാൻ ആഗ്രഹിച്ചു. പക്ഷേ, മൂന്നുനാൾ രാപാർത്തിട്ടും അസാധാരണമായ എന്തെങ്കിലും ആരാധനാകർമം അങ്ങ് ചെയ്യുന്നത് എനിക്ക് കാണാൻ കഴിഞ്ഞില്ല. അപ്പോൾ സ്വർഗാവകാശിയാണ് അങ്ങ് എന്ന് അല്ലാഹുവിന്റെ ദൂതൻ അരുൾ ചെയ്യാൻ കാരണമെന്താവാം?"

ആ മനുഷ്യൻ പറഞ്ഞു: "നീ എന്തു കണ്ടോ അതുതന്നെയാണ് യാഥാർഥ്യം." അദ്ദേഹം കൂടുതലൊന്നും പറയുന്നില്ലെന്ന് കണ്ട് അബ്ദുല്ലാഹിബ്നു അംറ് തിരിച്ചു നടക്കവേ അദ്ദേഹം പിറകിൽനിന്നു വിളിച്ചു പറഞ്ഞു: "നീ എന്തു കണ്ടോ അതുതന്നെയാണ് യാഥാർഥ്യം. എന്തായാലും എന്റെ മുസ്ലിം സഹോദരങ്ങളിൽ ആരോടും എനിക്കൊരു വിരോധവുമില്ല. അല്ലാഹു ആർക്കെങ്കിലും ഒരു നന്മ വരുത്തിയാൽ അതേ ചൊല്ലി ഞാൻ അസൂയപ്പെടാറുമില്ല." അബ്ദുല്ലാഹിബ്നു അംറ് പറഞ്ഞു: "അങ്ങയുടെ ഈ സ്വഭാവ ഗുണത്തെക്കുറിച്ച് കേട്ടുകാണും അല്ലാഹുവിന്റെ റസൂൽ" (അഹ്മദ്). ഇമാം ബസ്സാറിന്റെ മറ്റൊരു നിവേദനമനുസരിച്ച് ആ സ്വർഗാവകാശിയുടെ വാക്കുകൾ ഇപ്രകാരമായിരുന്നു: "നീ കണ്ടതാണ് ശരി സഹോദര പുത്രാ. ഒരു മുസ്ലിമിനെതിരെയും വിരോധം വെച്ച് രാത്രി കഴിച്ചുകൂട്ടുന്നവനല്ല ഞാൻ." ■




**സയ്യിദ് റഷീദ് രിദയെ ഉദ്ധരിച്ചുകൊണ്ട് നവോത്ഥാന നായകനായ ശഹീദ് ഹസനുൽബന്ന എപ്പോഴും പറയുമായിരുന്നു: "യോജിപ്പുള്ള കാര്യങ്ങളിൽ പരസ്പരം സഹകരിക്കുക. വിയോജിപ്പുള്ള കാര്യങ്ങളിൽ പരസ്പരം വിട്ടുവീഴ്ച ചെയ്യുക."**